തവസ്സുൽ

'ഇടതേടുക' എന്നാണ് തവസ്സുലിന്റെ ഭാഷാർഥം. സൽകർമങ്ങളോ, സൽകർമങ്ങൾ വഴി ഇലാഹീ സാമീപ്യം നേടിയ മഹാരഥന്മാരോ മുഖേന അല്ലാഹുവിനോട് പ്രാർഥിക്കുന്നതിനാണ് സാങ്കേതികമായി തവസ്സുൽ എന്ന് പറയുന്നത്. ഉദാഹരണം: ഒരാൾ രോഗം ഭേദമാകുന്നതിന് അല്ലാഹുവോട് പ്രാർഥിക്കുന്നു. കൂട്ടത്തിൽ, നബി(സ്വ)യുടെ ബറകതു കൊണ്ട് എന്നുകൂടി ചേർക്കുന്നു. അല്ലാഹുവിന്റെ ദാത്തിലോ (സത്ത) അഫ് ആലിലോ (പ്രവർത്തനം) സ്വിഫാതിലോ (വിശേഷണം) പങ്കുചേർക്കുമ്പോഴാണല്ലോ ശിർക്കാവുക. മുസ്‌ലിംകൾ ചെയ്യുന്ന തവസ്സുലിൽ ഈ പങ്കുചേർക്കൽ വരുന്നുണ്ടോ? ആലോചിക്കുക.

ഖുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നീ ഇസ്‌ലാമിക പ്രമാണങ്ങൾ തവസ്സുൽ അംഗീകരിക്കുന്നുണ്ട്. ഖുർആൻ പറയുന്നു.

''നിശ്ചയം സ്വശരീരങ്ങളോട് അക്രമം കാണിച്ചവർ തങ്ങളെ സമീപിച്ച് അല്ലാഹുവോട് പാപമോചനം തേടുകയും റസൂൽ അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ താൽ, തൗബ സ്വീകരിക്കുന്നവനായും കരുണ ചെയ്യുന്നവനായും അല്ലാഹുവിനെ അവർ എത്തിക്കും'' (അന്നിസാഅ് 64).

ഇമാം റാസി (റ) ഈ സൂക്തം വിശദീകരിക്കുന്നതിങ്ങനെയാണ്:
''നിശ്ചയം മുഹമ്മദ് നബി(സ്വ)യെ സമീപിക്കുമ്പോൾ അവർ സമീപിക്കുന്നത് അല്ലാഹു പ്രവാചകനായി തിരഞ്ഞെടുക്കുകയും ദിവ്യസന്ദേശം(വഹ്‌യ്)വഴി ആദരിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയെയാണ്. പ്രവാചകരെ തനിക്കും സൃഷ്ടികൾക്കുമിടയിൽ അല്ലാഹു ഇടയാളരാക്കിയിരിക്കുന്നു. ഇത്തരം ഒരാൾ (അല്ലാഹുവിനും സൃഷ്ടികൾക്കു മിടയിൽ) ഇടയാളനായാൽ, തീർച്ചയായും അല്ലാഹു അവിടുത്തെ ശിപാർശ നിരസിക്കുകയില്ല'' (റാസി 10/163).
ഇതേ സൂക്തം റൂഹുൽബയാൻ വിശദീകരിക്കുന്നു:
''തീർച്ചയായും നബി (സ്വ) ജനങ്ങളുടേയും അല്ലാഹുവിന്റെയും ഇടയിലുള്ള (വസീല) മാധ്യമമാണ്. പ്രാർഥനക്കു മുമ്പ് ഒരു വസീല ആവശ്യമാണ്. അല്ലാഹുവിലേക്ക് നിങ്ങൾ വസീലയാക്കുകയെന്ന് അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു'' (റൂഹുൽബയാൻ 7/230).
തവസ്സുൽ വിരോധികൾ അംഗീകരിക്കുന്ന ശൗകാനി മേൽസൂക്തം ഇങ്ങനെ വ്യാഖ്യാനിക്കുന്നു:
'അങ്ങയെക്കൊണ്ട് ഇടതേടുന്നവരായും തെറ്റുകളിൽ നിന്ന് മോചനം തേടുന്നവരായും അവർ വന്നാൽ' (ഫത്ഹുൽഖദീർ വാ. 1/729).

നബി(സ്വ)യെക്കൊണ്ട് ഇടതേടാൻ ഖുർആൻ കൽപ്പിക്കുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ അത് വിശദീകരിക്കുന്നു. ശൗകാനി പോലും സമ്മതിക്കുന്ന ഈ കാര്യം അംഗീകരിക്കാൻ ചില പരിഷ്കരണവാദികൾക്കു കഴിയാത്തതു ദുർവാശികൊണ്ടു മാത്രമാണ്.
അനസ് (റ) ൽ നിന്ന് ഇമാം ബുഖാരി (റ) നിവേദനം ചെയ്യുന്നു:
''നിശ്ചയം ജനങ്ങൾക്കു വരൾച്ച അനുഭവപ്പെടുമ്പോൾ ഉമർ (റ) അബ്ബാസ് (റ) നെ ഇടയാളനാക്കി മഴ തേടാറുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. അല്ലാഹുവേ, തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ നബിയെ നിന്നിലേക്ക് തവസ്സുലാക്കാറുണ്ടാണ്ടയിരുന്നു. അപ്പോൾ ഞങ്ങൾക്ക് നീ മഴ നൽകാറുമു്. ഇപ്പോൾ ഞങ്ങൾ നബിയുടെ എളാപ്പയെ നിന്നിലേക്ക് തവസ്സുലാക്കി അപേക്ഷിക്കുന്നു. ഞങ്ങൾക്ക് നീ മഴ നൽകേണമേ' (ബുഖാരി, വാ. 1,/137).

നബി (സ്വ) യെയും അബ്ബാസ്(റ)നെയും ഉമർ(റ)തവസ്സുലാക്കി ദുആ ചെയ്തു വെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.
ഉസ്മാനുബ്നു ഹുനൈഫിൽ നിന്ന് നിവേദനം. കാഴ്ചശക്തിയില്ലാത്ത ഒരാൾ നബി (സ്വ)യെ സമീപിച്ച് എന്റെ രോഗം സുഖപ്പെടാൻ നബിയേ അങ്ങ് അല്ലാഹുവോട് പ്രാർഥിക്കണം. എന്നു പറഞ്ഞു. അപ്പോൾ നബി (സ്വ) അയാളോട് നീ ഉദ്ദേശിക്കുകയാണെങ്കിൽ ഞാൻ പ്രാർഥിക്കാം. ക്ഷമിക്കുന്നതാണ് നിനക്കു നല്ലത് എന്നാണുപദേശിച്ചത്. വീണ്ടും അങ്ങ് പ്രാർഥിക്കുക എന്നപേക്ഷിച്ചപ്പോൾ നബി (സ്വ) അദ്ദേഹത്തോട് പൂർണ രൂപത്തിൽ വുളൂഅ് ചെയ്തശേഷം താഴെ പ്രാർഥന നിർവഹിക്കാൻ കൽപ്പിച്ചു.

'അല്ലാഹുവേ, നിന്നോട് ഞാൻ ആവശ്യപ്പെടുന്നു. അനുഗ്രഹത്തിന്റെ നബിയായ മുഹമ്മദ് നബി(സ്വ)യെക്കൊണ്ട് നിന്നിലേക്ക് ഞാൻ മുന്നിടുന്നു. ഓ മുഹമ്മദ് നബിയേ, തീർച്ചയായും ഞാൻ തങ്ങളെ മുൻനിർത്തി എന്റെ ആവശ്യത്തിൽ റബ്ബിലേക്കിതാ മുന്നിട്ടിരിക്കുന്നു. എന്റെ ആവശ്യം പൂർത്തീകരിക്കപ്പെടാൻ വേണ്ടി അല്ലാഹുവേ, എന്റെ കാര്യത്തിൽ മുഹമ്മദ് (സ്വ) യുടെ ശിപാർശ നീ സ്വീകരിക്കേണമേ' (തിർമുദി 10/32).

ഈ ഹദീസ് ഹസനും സ്വഹീഹുമാണെന്ന് തുർമുദി ഇമാം വ്യക്തമാക്കിയിരിക്കുന്നു. മേൽ ഹദീസിന്റെ നിവേദകന്മാരിൽ വന്നിട്ടുള്ളത് അബൂജഅ്ഫറുൽ റാസിയാണെന്നും ഖതമിയല്ലെന്നുമുള്ള തിർമുദിയുടെ പ്രസ്താവന ഇബ്നുതൈമിയ്യഃ ഇപ്രകാരം തിരുത്തുന്നു.
'മറ്റു പണ്ഡിതന്മാരെല്ലാവരും ഇദ്ദേഹം അബൂജഅ്ഫറുൽ ഖതമിയാണെന്ന് പറയുന്നു. അതാണ് ശരിയായ അഭിപ്രായം' (ഫതാവാ ഇബ്നുതൈമിയ്യഃ 1/190).

ഹദീസിന്റെ പരമ്പരയിൽ ദുർബലനായ അബൂജഅ്ഫറുർറാസി ഇല്ലെന്നും സ്വീകാര്യനായ ഖതമിയാണുള്ളതെന്നും വ്യക്തമായതോടെ ഈ ഹദീസ് സ്വഹീഹാണെന്ന് സ്ഥിരപ്പെട്ടു. നബി(സ്വ)യുടെ വഫാതിനുശേഷവും സ്വഹാബിമാർ തവസ്സുൽ ഉൾക്കൊള്ളുന്ന ഈ പ്രാർഥന നിർവഹിച്ചിരുന്നതായി പണ്ഡിതന്മാർ വിശദീകരിക്കുന്നു (വഫാ ഉൽവഫാ, 4/1373).
ഇമാം നവവി(റ)എഴുതി. നബി(സ്വ)യുടെ ഖബർ സിയാറത്ത് ചെയ്യുന്ന വ്യക്തി നബി (സ്വ)യുടെ മുഖത്തിനുനേരെ നിന്ന് സ്വശരീരത്തിന്റെ കാര്യത്തിൽ നബി(സ്വ)യെ തവസ്സുലാക്കുകയും റബ്ബിലേക്ക് നബിയുടെ ശിപാർശ തേടുകയും വേണം. (അൽഈ ളാഹ് പേ. 454, ശർ ഹുൽ മുഹദ്ദബ് 8/274).
ഇമാം നവവി (റ) ശിർക്കിന് ആഹ്വാനം ചെയ്യുമെന്ന് വിശ്വസിക്കാമോ?

തവസ്സുൽ ഇസ്‌ലാമിക സംസ്കാരത്തിൽ

സൈദ്ധാന്തിക തലത്തിൽ മാത്രമല്ല, പ്രായോഗിക തലത്തിൽ തന്നെ മതവുമായി ഒട്ടിനിൽക്കുന്ന ഒരു സംസ്കാരമാണ് തവസ്സുൽ. അതിന് ആദം നബിയോളം പഴക്കമുണ്ട്. സ്വർഗം വരെ അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

» ആദം നബിയുടെ തവസ്സുൽ

മനുഷ്യപിതാവാണ് ആദം നബി (അ). ലോകത്തെ ആദ്യ മുസ്‌ലിമും അവർ തന്നെ. അതിനാൽ ആദ്യമായി അല്ലാഹുവിനോട് പ്രാർഥിച്ച മനുഷ്യനും ആദം നബിയായിരിക്കണം. അല്ലാഹുവിന്റെ മുൻനിശ്ചയപ്രകാരം ആദം നബി (അ) യെ സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെടാൻ ഇടയായപ്പോൾ അല്ലാഹുവിനോട് പ്രാർഥിച്ച സംഭവം ചില ഹദീസുകളിൽ വന്നിട്ടുണ്ട്. ആ പ്രാർഥനയിൽ നബി (സ്വ) യെ മുൻനിർത്തിയുള്ള തവസ്സുൽ ഉണ്ട് എന്നത് കൗതുകകരമായിരിക്കുന്നു. ഹദീസ് ഇങ്ങനെ.

ഉമർ (റ) ൽ നിന്ന് ഉദ്ധരിക്കുന്നു. നബി (സ്വ) പറഞ്ഞു. ആദം (അ) ൽ നിന്ന് പിഴവ് ഉണ്ടായപ്പോൾ ആദം (അ) ഇങ്ങനെ പ്രാർഥിച്ചു. നാഥാ, മുഹമ്മദ് നബി (സ്വ) യുടെ ഹഖ് കൊണ്ട് നീ എനിക്ക് പൊറുത്ത് തരണേ. അപ്പോൾ അല്ലാഹു പറഞ്ഞു. 'ആദം, താങ്കളെങ്ങനെയാണ് മുഹമ്മദ് (സ്വ) യെ അറിഞ്ഞത്? ഞാൻ അവിടുത്തെ സൃഷ്ടിച്ചിട്ടില്ലല്ലോ. അപ്പോൾ ആദം പ്രതികരിച്ചു. നാഥാ, നീ എന്നെ സൃഷ്ടിക്കുകയും ആത്മാവ് നൽകുകയും ചെയ്തപ്പോൾ ഞാൻ തല ഉയർത്തിനോക്കി. അപ്പോൾ അർശിന്മേൽ ലഇലാഹ ഇല്ലല്ലാഹ മുഹമ്മദുറസൂലുല്ല' എന്ന് എഴുതി വെച്ചതായി ഞാൻ കണ്ടു. നിന്റെ പേരിന്റെ കൂടെ നിനക്ക് ഏറ്റവും ഇഷ്ടമുള്ളവരെയല്ലാതെ ചേർക്കുകയില്ലെന്ന് ഞാൻ മനസ്സിലാക്കി. അല്ലാഹു പറഞ്ഞു. അതെ താങ്കൾ സത്യം പറഞ്ഞിരിക്കുന്നു. മുഹമ്മദ് (സ്വ) എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിതന്നെ. അദ്ദേഹത്തിന്റെ ഹഖ് കൊണ്ട് നിങ്ങൾ എന്നോട് പ്രാർഥിക്കുക. ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു' ഈ സംഭവം ഹാകിം തന്റെ മുസ്തദ്റകിലും ത്വബ്റാനി ജാമിഉസ്സഗീറിലും, അബൂ നുഐം ദലാഇലിലും, ഇബ്നുഅസാകിർ തന്റെ തരീഖിലും, സയ്യിദുസുംഹൂദി വഫാഉൽവഫയിലും, ഇമാം സുബ്കി ശിഫാഉസ്സഖാമിലും ഉദ്ധരിച്ചിട്ടുണ്ട്. ഹാക്കിം ഈ ഹദീസ് സ്വാഹീഹാണെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്. 4:371

റാവിമാരെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കി വല്ല മൈനസ് മാർക്കുകളും കണ്ടെത്തി 'വാറോല' എന്ന് അപരനാമം കൊടുത്തു വലിച്ചെറിയാൻ വിധേയത്വത്തിന് ഒരുക്കമല്ലാത്ത സങ്കുചിത തൗഹീദ് വാദികൾക്ക് സാധിച്ചേക്കാം. പക്ഷേ, അങ്ങനെ വരുമ്പോൾ ഒരു ശിർക്ക് സ്ഥാപിച്ചെടുക്കാൻ വേണ്ടി ആദം നബിയുടേയും തിരുനബിയുടേയും മേൽ കള്ളം ചാർ ത്തുന്ന വാറോലയുടെ പ്രചാരകരാണ് മേൽചൊന്ന മഹാന്മാർ എന്ന് സമ്മതിക്കേണ്ടിവരും. ഹൃദയമില്ലാത്ത തീവ്രവാദം പക്ഷേ അതിനും മടിക്കില്ല.

തവസ്സുൽ ഇസ്‌ലാമിക തത്ത്വശാസ്ത്രത്തിൽ

തവസ്സുൽ – മാധ്യമമാക്കൽ – ഇസ്‌ലാമിക തത്ത്വശാസ്ത്രവുമായി അന്യംനിൽക്കുന്നുവെന്ന പ്രചരണത്തിൽ തരിമ്പും കഴമ്പില്ല. പ്രത്യുത ഇസ്‌ലാമിന്റെ ദൈവശാസ്ത്രത്തിലും കർമ്മശാസ്ത്രത്തിലും സമൃദ്ധമായി കാണാവുന്ന ചര്യയാണിത്.

അല്ലാഹു ഭൂമിയിൽ 'ഖലീഫഃയെ നിശ്ചയിച്ചത് കാര്യങ്ങൾ നേരിട്ട് നടത്താൻ കഴിയാത്തത് കൊണ്ടല്ല. ഇസ്‌ലാം മതം ജനങ്ങൾക്കെത്തിച്ചുകൊടുക്കാൻ അല്ലാഹു ലക്ഷക്കണക്കിന് അമ്പിയാക്കളെ മാധ്യമമാക്കിയത് മതനിയമങ്ങൾ ഓരോരുത്തർക്കും നേരിട്ട് നൽകുന്നത് പ്രയാസമായതിനാലല്ല. മാധ്യമങ്ങളിലൂടെ കാര്യങ്ങൾ നിർവഹിക്കുന്നത് അല്ലാഹുവിന്റെ ചര്യയുടെ ഭാഗമാണ്. അതിനാലാണ് അമ്പിയാക്കൾക്ക് വഹ്‌യ് എത്തിച്ചുകൊടുക്കാൻ മലകുകളെ അല്ലാഹു മാധ്യമമാക്കിയത്.

എത്രായിരം വസീല: (മാധ്യമം) കളിലൂടെയാണ് ഇസ്‌ലാമിക വിശ്വാസവും കർമ്മശാസ്ത്രവും സംസ്കാരവും പുതിയ മുസ്‌ലിം തലമുറക്ക് കിട്ടിയത് ? യുഗങ്ങളുടെ വിയർപ്പും കണ്ണീരും നാഡിമിടിപ്പുകളും തപസ്യകളും..... ജിബ്‌രിൽ 'വസീലയായി തിരുനബിക്ക് ലഭിച്ച ഖുർആൻ സ്വഹാബികളും അവരുടെ ത്യാഗോജ്വലമായ ജീവിതം വസീലയായി താബിഉകൾക്കും തുടർന്നുണ്ടായ വിദ്യാഭ്യാസ വിപ്ലവങ്ങളും തലമുറകളുടെ സൂക്ഷിപ്പുകളും വസീലയായി കോടാനുകോടി പിന്നെയും പിന്നെയും കോടി വസീലകളിലൂടെ ഇസ്‌ലാമും നിസ്കാരാദി കർമ്മങ്ങളും നമുക്ക് കിട്ടി. ഈ വസീലകളെയെല്ലാം മാറ്റിനിർത്തി നിയമനിർമ്മാണവും അതിന്റെ നടത്തിപ്പും ആകാമായിരുന്നു; എന്നിട്ടും അവൻ വസീലയെ സ്വീകരിച്ചു. ഇസ്‌ലാമിക തത്ത്വശാസ്ത്രത്തിൽ തവസ്സുലിനുള്ള ഇടം ഇത് അടയാളപ്പെടുത്തുന്നുണ്ട്. സൃഷ്ടികളോട് ബന്ധപ്പെടുന്നതിൽ അല്ലാഹു തവസ്സുൽ (മാധ്യമത്തെ സ്വീകരിക്കൽ) ഒരു ചര്യയായി സ്വീകരിച്ചിട്ടും സ്രഷ്ടാവിനോട് ബന്ധപ്പെടുന്നതിൽ അത് പാടില്ലെന്ന് അവന്റെ അനുവാദമില്ലാതെ ചില സൃഷ്ടികൾ ഇവിടെ ശഠിക്കുന്നു.

അല്ലാഹുവിന്റെ ഗുണഗണങ്ങൾ ഓരോന്നായി പറഞ്ഞ് പറഞ്ഞ് അല്ലാഹുവിനോട് നേരിട്ട് സംഭാഷണം ചെയ്യുന്ന നിമിഷം പോലും മഹാന്മാരെ കൂട്ടുപിടിച്ചുകൊണ്ടാണ് അടിമ ഉടമയുമായി മുനാജാത്തിലേർപ്പെടുന്നതെന്നത് ഇസ്‌ലാമിക തത്ത്വശാസ്ത്രത്തിൽ തവസ്സുലിന്റെ സ്ഥാനം വ്യക്തമായി വരച്ചുകാണിക്കുന്നുണ്ട്.

അല്ലാഹുവിനെ 'മുഖാമുഖം' കാണുമ്പോൾപോലും ''ഞാൻ'' ''എന്റെദൈവം'' എന്ന സങ്കുചിത്വത്തിന്റെ ഉൽപതിഷ്ണു മനോഗതം മാറ്റണമെന്നും 'ഞാനിസത്തിന്റെ ഷെല്ലുകളിൽ നിന്ന് 'ഞങ്ങളുടെ' വിശാലതയിലേക്കുവികസിക്കണമെന്നും 'ഫാത്തിഹഃ'യിൽ ആവർത്തിക്കപ്പെടുന്ന 'നൂനുകൾ (ഇഹ്ദിനാ, നഅ്ബുദു, നസ്തഈൻ) നമ്മെ പഠിപ്പിക്കുന്നു. ഇമാം റാസി(റ)നിസ്കാരത്തിന്റെ പ്രാരംഭത്തിൽ നിർവഹിക്കപ്പെടുന്ന ഫാതി ഹഃയിലെ ഈ തവസ്സുലിനെ സുന്ദരമായി വ്യാഖ്യാനിച്ചിട്ടുണ്ട്.

നാഥാ ! എന്റെ ആരാധന സ്വന്തമായി പറയപ്പെടാൻ മാത്രം പ്രാപ്തമല്ല. കാരണം അത് വീഴ്ചകൾ പൂണ്ടതാണ്. അതിനാൽ മുഴുവൻ ഉപാസകരുടെ ഉപാസനയോടെ എന്റെ ആരാധനയെ ഞാൻ കലർത്തിവെയ്ക്കുന്നു. അങ്ങനെ ഒരൊറ്റ ഇബാദത്തിനെകൊണ്ട് എല്ലാവരെയും ഞാൻ പറയുന്നു.

(ഓർക്കുന്നു.) ..... എന്റെ ഇബാദത്തുകൾ' സ്വീകാര്യമല്ലെങ്കിൽ തന്നെയും എന്നെ നീ തള്ളരുതെ, കാരണം ഈ ഇബാദത്തിൽ ഞാൻ ഒറ്റക്ക് മാത്രമല്ല ഉള്ളത്. മറിച്ച് ഞങ്ങൾ ധാരാളം ആളുകളുണ്ട്. അതിനാൽ സ്വീകരിക്കപ്പെടാനും ഉത്തരം ലഭിക്കാനും ഞാൻ അർഹനല്ലെങ്കിൽ മറ്റുള്ള മുഴുവൻ ഉപാസകരുടേയും ആരാധനകളെ മുൻനിർത്തി ഞാൻ നിന്നോട് ശിപാർശ തേടുന്നു. അതിനാൽ (അവരുടെ ഇബാദത്ത് കൊണ്ട്) എന്നെ നീ സ്വീകരിക്കണമെ എന്നാണ് 'ഇയ്യാക്കനഅ്ബുദു' വിലൂടെ അടിമ പറഞ്ഞുകൊണ്ടിരിക്കുന്നത്. (തഫ് സീറുൽ കബീർ 1/252)

ഇമാം ബൈളാവി (റ) പറയുന്നു.:''രണ്ടു ക്രിയകളിലും (നഅ്ബുദു, നസ്തഈൻ) അടങ്ങിയസർവ്വനാമം പാരായണം ചെയ്യുന്നവനേയും സംരക്ഷകരായ മലകുകളേയും നിസ്കാരത്തിന് സന്നിഹിതരായവരേയും മറ്റ് മുഴുവൻ ഏകദൈവവിശ്വാസികളേയും ഉദ്ദേശിച്ചുള്ളതാണ്. തന്റെ ആരാധനയെ അവൻ അവരുടെ ആരാധനയുമായി കലർത്തുകയും തന്റെ ആവശ്യത്തെ അവരുടെ ആവശ്യങ്ങളുമായി ചേർക്കുകയും ചെയ്തു. തന്റെ ആരാധന അവരുടെ ബറകത് കൊണ്ട് സ്വീകരിക്കയും ഉത്തരം ചെയ്യപ്പെടുകയും ചെയ്തേക്കാം. ഇതിനാണ് 'ജമാഅത്ത്'മതനിയമമാക്കിയത്..... ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ ഒരു വസീല: യെ മുന്നിൽ വെയ്ക്കുന്നത് പെട്ടെന്ന് ഉത്തരം കിട്ടുവാൻ നിമിത്തമാകുമെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു.''(ബൈളാവി 1: 43,44)

ഇതുകൊണ്ടൊക്കെത്തന്നെ ഇസ്ലാമിക സംസ്കാരത്തിൽ തവസ്സുൽ, ആദം നബി മുതൽ മുഹമ്മദ് മുസ്തഫ തങ്ങൾ വരെയും അവിടം മുതൽ മുഴുവൻ തീവ്രവാദികളുടെ എതിർപ്പുകൾക്ക് ശേഷവും വർത്തമാന കാലം വരെയും തുടർന്ന് ലോകാന്ത്യം വരെ ബർസഖീ ജീവിതത്തിലും പിന്നീട് മഹ്ശറിലും തുടർന്നുകൊണ്ടേയിരിക്കും.

തവസ്സുൽ പാരമ്പര്യ മുസ്ലിം ജീവിതത്തിൽ



ആദം നബി (അ) ൽ നിന്ന് തുടങ്ങി അംബിയാ മുർസലുകളിലൂടെയും പൂർവ്വ സമുദായങ്ങളിലൂടെയും സച്ചരിതരായ സ്വഹാബത്തിലൂടെയും നിലനിന്ന ഒരു ചര്യ പിൻതലമുറകളായ അവിടുത്തെ സമുദായം ഉപേക്ഷിക്കാതിരുന്നതിൽ അതിശയകരമായി ഒന്നുമില്ല. പാരമ്പര്യ മുസ്ലിമുകളുടെ ജീവിതരീതിയുമായി തവസ്സുൽ ഒട്ടി നിൽക്കാൻ കാരണം മറ്റൊന്നുമല്ല.

ഖുർആനിലും ഹദീസിലും ഖനനം നടത്തിയ പണ്ഢിതർ തവസ്സുലിന് പച്ചക്കൊടി കാണിച്ചതും പ്രോത്സാഹിപ്പിച്ചതും മതഗ്രന്ഥങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

മുസ്ലിം ഭരണാധികാരിയായിരുന്ന അബൂജഅ്ഫർ ഹജ്ജ് ചെയ്ത ശേഷം നബി (സ്വ) യുടെ ഖബർ സന്ദർശിച്ചപ്പോൾ മസ്ജിദുന്നബവിയിലുണ്ടായിരുന്ന ഇമാം മാലിക് (റ) നോട് ചോദിച്ചു. ഞാൻ ഖിബ്ലയിലേക്ക് മുഖം തിരിച്ച് പ്രാർഥിക്കുകയാണോ അതല്ല തിരുനബി (സ്വ) യിലേക്ക് മുഖം തിരിച്ച് പ്രാർഥിക്കയാണോ വേണ്ടത്. അപ്പോൾ ഇമാം മാലിക് (റ) പറഞ്ഞ മറുപടി തിരുനബിയെ കുറിച്ചുള്ള പണ്ഢിത കാഴ്ചപാടിന്റെ ആവിഷ്കാരമാണ്. മാലിക് (റ) പറഞ്ഞു:.
എന്തിന് തിരുനബിയിൽ നിന്ന് നീ മുഖം തിരിക്കണം? അവിടുന്ന് നിങ്ങളുടെയും നിങ്ങളുടെ പിതാവ് ആദമിന്റേയും വസീല അല്ലേ. അതിനാൽ തിരുനബിയിലേക്ക് മുഖം തിരിച്ച് അവിടത്തോട് ശിപാർശ തേടൂ. നിങ്ങളുടെ വിഷയത്തിൽ നബി (സ്വ) യുടെ ശിപാർശ അല്ലാഹു സ്വീകരിക്കും. അല്ലാഹു പറഞ്ഞില്ലേ അവൻ സ്വശരീരങ്ങളെ ആക്രമിക്കുകയും (ദോഷം ചെയ്യുകയും) തുടർന്ന് അങ്ങയെ സമീപിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും നബി (സ്വ) അവർക്ക് വേണ്ടി പൊറുക്കലിനെ ചോദിക്കുകയും ചെയ്താൽ അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുന്നതാണ്. (അശ്ശിഫാ യ്യ ഖാദീഇയാദ് 2 :41)
ഗുരു മുഹ്യിദ്ദീൻ അബ്ദുഖാദിർ ജീലാനീ(റ) പറയുന്നു: പ്രപഞ്ചത്യാഗികളെക്കൊണ്ടും

സച്ചരിതരെക്കൊണ്ടും ജ്ഞാനവും ശ്രേഷ്ഠതയും മതനിഷ്ഠയുള്ളവരെക്കൊണ്ടും തവസ്സുൽ ചെയ്യൽ സുന്നത്താണ് (ഗുൻയാ 2/128). ശൈഖ് തുടരുന്നു:'നബി (സ്വ) യുടെ ഖബർ സിയാറത്ത് വിവരിക്കുന്ന സ്ഥലങ്ങളിൽ, തിരുഖബറിലേക്ക് മുഖം തിരിക്കലും ആവശ്യനിർവഹണത്തിലും ദോഷം പൊറുക്കുന്നതിലും തിരുനബിയെ തവസ്സുൽ ചെയ്യുന്നതും സുന്നത്താണെന്നാണ്, നാല് മദ്ഹബിന്റെയും ധാരാളം ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളത(ഗുൻയ 2/90)
ഇമാം നവവി (റ) ശറഹുൽ മുഹദബ് 2/224, അദ്കാർ 92 ഈളാഹ് 48, എന്നിവയിലും ഇമാം മഹല്ലി കൻസുർറാഗിബിൻ 2/126 ലും ഇമാം കുർദി ഫതാവൽകുർദിയിലും (25), ഇമാം റംലി നിഹായ 3/310 ലും ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

പുരോഗമന ചിന്താഗതിക്കാരനായ ശൗകാനി പോലും പറയുന്നതിങ്ങനെ:തിരുനബിയെക്കൊണ്ട് തവസ്സുൽ ചെയ്യുന്നത് അവിടുത്തെ ജീവിതകാലത്തോ വഫാത്തിന് ശേഷമോ അവിടുത്തെ സാന്നിധ്യത്തിലോ അഭാവത്തിലോ ആവാം. നബി (സ്വ) യെക്കൊണ്ട് അവിടുത്തെ ജീവിതകാലത്തും മറ്റുള്ളവരെക്കൊണ്ട് അവിടുത്തെ വഫത് ശേഷവും തവസ്സുൽ ഉണ്ടായത് സ്വഹാബത്തിന്റെ അഭിപ്രായൈക്യത്തോടെതന്നെ സ്ഥിരപ്പെട്ടിരിക്കുന്നു. (തുഹ്ഫ തുൽഅഹ്വദി 10:35)

മുസ്‌ലിം സംസ്കാരവുമായി അലിഞ്ഞ് ചേർന്ന ആചാരമാണ് 'തവസ്സുൽ' എന്നതിന് ഇനിയുമെന്തിന് തെളിവുകൾ വേണം? എന്നാൽ ഐഹിക ജീവിതത്തിൽ മാത്രമല്ല ബർസഖീ ജീവിതത്തിലും പരലോകജീവിതത്തിലും തവസ്സുൽ നടക്കുന്നുണ്ട് എന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ സംസാരിക്കുന്നത്.

തവസ്സുൽ സാമൂഹികതയുടെ തേട്ടം

ഇസ്‌ലാം സ്നേഹത്തിന്റേയും ഇണക്കത്തിന്റേയും മതമാണ്. പരസ്പരം ചേർന്നിരിക്കാനും ഹൃദയം പങ്കുവെയ്ക്കാനും അത് മനുഷ്യനോട് ആവശ്യപ്പെടുന്നു. അകറ്റിപ്പിടിക്കൽ നയങ്ങളുമായി ഇസ്‌ലാം എന്നും കലാപം കൂട്ടിയിട്ടേയുള്ളൂ. സങ്കുചിതത്വങ്ങളുമായി രാജിയാവാൻ അതൊരിക്കലും തയ്യാറായിട്ടില്ല.

ഉപഭോഗ സംസ്കാരത്തിന്റെ സകലമാന ചേരുവകകളോടും പൊരുതുന്നുവെന്നതാണ് ലോക സംസ്കാരങ്ങളിൽ ഇസ്‌ലാമിനെ വേറിട്ടു നിർത്തുന്ന ഒരു ഘടകം. വിധേയപ്പെടുവാനും സ്വയം ചെറുതാകുവാനും അത് മാനവരാശിയെ പഠിപ്പിച്ചു. 'ഞാൻ' എന്ന് കൊഴുത്ത അക്ഷരങ്ങളിൽ മനസ്സുകളിൽ കൊത്തിവെച്ചവർക്ക് വിധേയപ്പെടുവാനും വികാരങ്ങൾ പങ്കുവെക്കാനും കഴിയില്ല. അവർ അവരവരുടെ സ്വകാര്യമായ നിഷ്ഠകളും ഇസ്തിരിയിട്ട ഉപചാരങ്ങളും സ്വകാര്യമുറിയിലിട്ട് അടച്ച് ഭദ്രമാക്കിയ ദൈവവുമായി എന്നും ജീവിതം തള്ളിനീക്കും. കൊട്ടിയടച്ച് സാക്ഷയിട്ട അവരുടെ മനസ്സുകൾ ആർക്ക് വേണ്ടിയും തുറക്കപ്പെടില്ല.
ഞാൻ, എന്റെ ആരാധനകൾ, എന്റെ പ്രാർഥനകൾ, എന്റെ ദൈവം, എന്റെ അഭിലാഷങ്ങൾ, എന്റെ നേട്ടങ്ങൾ, എന്റെ ആവശ്യങ്ങൾ ഇതാണ് മനോഭാവം. 'ഞാൻ' തടിച്ചുകൊഴുക്കുന്ന രീതിയാണിത്. എനിക്ക് ആരുടേയും ഒത്താശ വേണ്ട, ആരുടേയും ശിപാർശ വേണ്ട, കൽപ്പിക്കപ്പെട്ട അനുസരണത്തിന് തയ്യാറാണെങ്കിലും ആരെയും ഉള്ള് തുറന്ന് സ്നേഹിക്കുവാനോ ആദരിക്കുവാനോ ഞാൻ തയ്യാറല്ല. അവരുടെയൊന്നും അനുകമ്പയും സഹായവുമില്ലാതെ തന്നെ പടച്ചവന്റെ മുമ്പിൽ രക്ഷപ്പെടാൻ മാത്രം ഞാൻ ആരാധനകൾ ചെയ്തിട്ടുണ്ട്. കൽപ്പിക്കപ്പെട്ടതെല്ലാം മുറപോലെ ചെയ്ത സ്ഥിതിക്ക് നീതിമാനായ ദൈവം സ്വർഗ്ഗമെന്ന എന്റെ അവകാശം ആരുടേയും ശിപാർശയൊന്നുമില്ലാതെ എനിക്ക് തന്നേ തീരൂ. മതയുക്തിവാദിയുടെ ഹുങ്കാരം വളർന്ന് വികസിക്കുന്നതിങ്ങനെയാണ്.

ഇസ്‌ലാം എന്നാൽ വിധേയത്വം എന്നാണർഥം. തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിനുള്ള സമ്പൂർണ്ണമായ സമർപ്പണം. ഇത് അതിന്റെ ഹൃദയഭാഷയിൽ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അല്ലാഹുവിനെ അഗാധമായി സ്നേഹിക്കുകയും തദ്വാരാ അവന്റെ സ്നേഹത്തിനും പ്രത്യേകമായ പരിഗണനക്കും പാത്രീഭവിക്കുകയും ചെയ്തവരെക്കൂടി സ്നേഹിക്കുകയും ആദരിക്കുകയും

അവർക്ക് വിധേയപ്പെടുകയും അവരുടെ തുണിക്കോന്തലകളിൽ ഒട്ടിനിൽക്കാൻ ശ്രമിക്കുകയും ചെയ്യുമെന്നത് വ്യാകരണങ്ങളുടെ ഒരു സങ്കീർണ്ണതയും തൊട്ടുതീണ്ടാത്ത അതിലളിതമായ സത്യമാണ്. സ്നേഹമെന്തെന്നറിയാത്ത (സ്നേഹിക്കുവാൻ സ്നേഹമെന്തെന്ന് അറിയേണ്ടതില്ലല്ലോ). കൊച്ചുകുട്ടിക്കു പോലും ഈ സമവാക്യം ബോധ്യപ്പെടും. ഇഷ്ടദാസരോട് ചെയ്യുന്ന അടുപ്പവും വണക്കവും ആദരവും അല്ലാഹുവോട് ചെയ്യുന്ന പരമമായ വണക്കമാണെന്നതും (ഇബദത്താണെന്നതും) ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.
എന്നാൽ, പടച്ചവന്റെ കഴിവുകൾക്കും അവന്റെ കഴിവുകളുടെ പ്രധാനത്തിനും പരിധികളും പരിമിതികളും പറഞ്ഞുതന്ന മതപരിഷ്കരണവാദികൾ, സ്നേഹത്തിനേയും ആദരവിനേയും മൈക്രോസ്കോപ്പുകൾ കൊണ്ട് അളക്കുകയും അല്ലാഹുവിന്റെ ഇഷ്ടദാസന്മാരോടുണ്ടാകേണ്ട സ്വാഭാവികമായ അടുപ്പത്തേയും വണക്കത്തേയും സ്നേഹത്തേയും വിധേയത്വത്തേയും അല്ലാഹുവോടുള്ള വണക്കത്തിന്റെ കണക്കിൽ എണ്ണുന്നതിന് പകരം അവന്റെ ശത്രുപക്ഷത്ത് സൃഷ്ടിക്കുകയും ചെയ്തു. അല്ലാഹുവോട് പ്രാർഥിക്കുമ്പോൾ പ്രവാചകന് അല്ലാഹുവിന്റെ അടുക്കലുള്ള സ്ഥാനത്തെക്കൂടി മുൻനിർത്തി ചോദിച്ചു പോയാൽ അല്ലാഹു കോപിക്കുമത്രേ!

'അങ്ങയുടെ പരിപാലകൻ അങ്ങയെ വെടിഞ്ഞിട്ടില്ല; വെറുത്തിട്ടുമില്ല(93 :3).അങ്ങയുടെ രക്ഷകൻ അങ്ങേക്ക് തൃപ്തിയാകുവോളം നൽകിക്കൊണ്ടിരിക്കും' 93:5). എന്ന് അരുളപ്പാട് ചെയ്ത അല്ലാഹു അവന്റെ ഇഷ്ടദാസന്റെ പേര് കേൾക്കുമ്പോൾ കോപിക്കുമെന്നോ? സ്നേഹിക്കാൻ ഒരുക്കമല്ലാത്ത ഈ ഭ്രാന്തമായ തത്വശാസ്ത്രത്തിന്റെ വക്താവായി അവർ വദൂദും (സ്നേഹിക്കുന്നവൻ) റഹീമു(കരുണ ചെയ്യുന്നവൻ) മായ അല്ലാഹുവിനെ മനസ്സിലാക്കിപ്പോയോ?

അടച്ചുപൂട്ടിയ ഹൃദയത്തിന്റെ രോഷപ്രകടനമാണ് തവസ്സൂലടക്കമുള്ള സാമ്പ്രദായിക മുസ്ലിം ശീലങ്ങൾക്കെതിരെയുള്ള തീവ്രാക്രമണങ്ങളെന്നുള്ളതിന് ഇനിയും തെളിവുകളെന്തിന്? ഹബീബിനെ പറയുമ്പോൾ മഹ്ബൂബ് കോപിക്കുമെന്ന് പഠിപ്പിക്കുന്ന ഫിലോസഫിക്ക് ഹൃദയമുണ്ടോ? ധിഷണയുണ്ടോ? കണ്ണും കരളുമുണ്ടോ? വരട്ടു തത്ത്വശാസ്ത്രമെന്നൊക്കെ ഇതിനെയാണ് വിളിപ്പേരിടേണ്ടത്.

അല്ലാഹുവേ! നിന്റെ ഇഷ്ടദാസനായ മുഹമ്മദ് നബിയെകൊണ്ട് ഞങ്ങളെ നീ രക്ഷിക്കണമേ എന്ന പ്രാർഥന കരളുപൊട്ടിയൊഴുകുമ്പോൾ, അല്ലാഹുവിന്റെ അടുക്കൽ തിരുനബിക്കുള്ള സ്ഥാനവും ബഹുമാനവും സഹായവും തന്റെ ആവശ്യപൂർത്തീകരണത്തിന് നിമിത്തമായി ഭവിക്കുമെന്നാണ് ഒരു പാരമ്പര്യ ഇസ്ലാം മതവിശ്വാസി മനസ്സിലാക്കുന്നത്. തന്റെ കണ്ഠനാഡിയേക്കാൾ തൊട്ടടുത്തുണ്ടായിട്ടുപോലും താൻ അല്ലാഹുവിനെ കണ്ടിട്ടുണ്ടായിരുന്നില്ല. അത് തൊട്ടുകാണിച്ചുതന്നത് ആ നബിയാണ്. ലക്ഷ്യം കണ്ടെത്തിയപ്പോൾ വഴികാട്ടിയെ മറക്കുന്ന ധിക്കാരം വിധേയത്വമുള്ള വിശ്വാസിക്ക് ഭൂഷണമല്ല. അവൻ ആ വഴികാട്ടിയുടെ കരം പിടിച്ചു കൊണ്ട് തന്നെ അല്ലാഹുവുമായി മുഖാമുഖം സംസാരിക്കുന്നു. താഴ്മയോടെ.

യുക്തിവാദി പറയുന്നത് ന്യായമാണ്. 'വഴികാണിക്കുന്നതോടെ വഴികാട്ടിയുടെ ദൗത്യം അവസാനിച്ചു. ലക്ഷ്യം കണ്ടാൽ അയാൾക്ക് അയാളുടെ വഴിക്ക് പോകാം. പിന്നെ അയാളുടെ കോന്തലയിൽ തൂങ്ങേണ്ട കാര്യമില്ല. മധ്യസ്ഥന്റെ ആവശ്യമില്ല. അയാളുടെ ശിപാർശ വേണ്ട. തേടിയ വള്ളി അടുത്തുതന്നെയുണ്ട്. കണ്ഠനാഡിയേക്കാൾ അടുത്ത്. ഇനി ഇടങ്കോലിട്ട് ശുയിപ്പുണ്ടാക്കരുത്. നിങ്ങൾക്ക് വേണമെങ്കിൽ കൽപ്പിക്കാം; ഞാൻ അനുസരിക്കാം പട്ടാളചിട്ടയോടെ; പക്ഷേ, എന്റെ ഹൃദയം പറിച്ച് തരാൻ തയ്യാറല്ല. തരിമ്പും' ഇതിന്റെ പേരാണ് ധിക്കാരം. പറയുന്നത് ന്യായമാണ്. പക്ഷേ, എല്ലാ ന്യായവും നീതിയല്ല.
എന്നാൽ സ്രഷ്ടാവിനോട് ബന്ധപ്പെടുന്ന വിഷയത്തിൽ അവൻ തന്നെ ചില മാധ്യമങ്ങളെ വെച്ചിട്ടുണ്ടെന്ന് മതയുക്തിവാദികൾ സമ്മതിക്കേണ്ടിവരും. കണ്ഠനാഡിയേക്കാൾ അടുത്തുതന്നെ അല്ലാഹു ഉണ്ടായിട്ടും അവനെ വണങ്ങാനും അവനോട് ചോദിക്കാനും പള്ളിയേയും കല്ലിനേയും (ഹജറുൽ അസ്വദ്) മിനാറിനേയും സംഘബലത്തേയും (ജമാഅത്ത്), പുണ്യസ്ഥലങ്ങളേയും (മക്ക), പുണ്യസമയങ്ങളേയും (ലൈലത്തുൽ ഖദ്ർ) പുണ്യ പുരുഷൻമാരേയും (പ്രവാചകന്മാരെ വിശ്വസിക്കുക, സ്നേഹിക്കുക, ആദരിക്കുക) നിഷ്ഠകളേയും ആചാരങ്ങളേയുമൊക്കെ മാധ്യമമാക്കാൻ (തവസ്സുൽ ചെയ്യാൻ) മതം നിയമമുണ്ടാക്കിയത് എന്തിന് വേണ്ടിയായിരുന്നു?

'സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ ഒരു വിളിയുടെ (പ്രാർഥനയുടെ) ദൂരം മാത്രമേയുള്ളൂ. ഇടയിൽ ഒരു പുണ്യപുരുഷനും ഇടമില്ല.' എന്നാണെങ്കിൽ പള്ളിയെ കൂട്ടിപ്പിടിക്കുന്നതിന്റെ സാംഗത്യമെന്ത്?

ദൈവത്തെ അംഗീകരിക്കുകയും മതത്തെ നിരാകരിക്കുകയും ചെയ്യുന്ന ചിലരുണ്ട്. അവർ മനസ്സുകൊണ്ട് ദൈവത്തെ ധ്യാനിക്കുന്നു. ദൈവത്തിലേക്ക് എത്താൻ ആചാരങ്ങളുടേയും ഗോഷ്ഠികളുടേയും ചിഹ്നങ്ങളുടേയും ആവശ്യമില്ലെന്നാണ് വാദം. ദൈവം മനസ്സിൽ തന്നെയുണ്ട്, പിന്നെന്തിന് പള്ളിയിൽ പോകണം? മാധ്യമങ്ങളുടെ ആവശ്യമില്ല. ദൈവവിശ്വാസത്തിന്റെ പുരോഗമനരൂപമാണിത്. ഇതേ തത്ത്വമാണ് മതപരിഷ്കരണ വാദികളും മുന്നോട്ട് വെച്ചത്. പ്രമാണങ്ങളുടെ ബലത്തിലല്ല, കേട്ടാൽ പെട്ടെന്ന് രസം തോന്നുന്ന സിദ്ധാന്തങ്ങളുടെ ഇമ്പം കൊണ്ടാണ് തവസ്സുലാദി കർമ്മങ്ങളെ പരിഷ്കരണവാദം നേരിട്ടത്. ചുരുക്കത്തിൽ, പുരോഗമന ദൈവവിശ്വാസം മതനിരാസത്തിൽ കലാശിച്ചു. പുരോഗമനമതവിശ്വാസം മഹാന്മാരുടെ നിരാസത്തിൽ കലാശിച്ചു.

അല്ലാഹുവോട് പ്രാർഥിക്കുമ്പോൾ മഹാന്മാരെ ഇടയാളന്മാരാക്കരുതെന്ന് ഖുർആനോ ഹദീസോ പഠിപ്പിച്ചിട്ടില്ല. (വസീലയെ തേടണമെന്ന് പഠിപ്പിച്ചിട്ടുണ്ട് താനും. വിശദീകരണം വഴിയെ). എന്നിട്ടും തീവ്രവാദം തവസ്സുലിനെ എതിർക്കുന്നത് അഭംഗിയും അനാവശ്യവുമാണ്.

ഹുങ്കാരമല്ല; വിധേയത്വമാണ് വേണ്ടത്. ഇതാണ് ഇസ്‌ലാമിന്റെ തത്ത്വശാസ്ത്രവുമായി ഒട്ടിനിൽക്കുന്ന തവസ്സുലിന്റെ അടിത്തറ എന്ന് സൂചിപ്പിച്ചുവല്ലോ. അല്ലാഹുവിനെ ഉപാസിക്കുമ്പോൾ, ആ ഉപാസനക്ക് തനിക്ക് വിവരവും അവസരവും നൽകിയ ലക്ഷക്കണക്കിനാളുകളെ അവനോർത്ത് പോകുന്നു. അവരുടെ നേതാവാണ് തിരുനബി (സ്വ). അത്കൊണ്ടാണ് ആരാധനകളിൽ അത്യുൽകൃഷ്ടമായ നിസ്കാരത്തിൽ പോലും അല്ലാഹുവിന് സാഷ്ടാംഗം ചെയ്തപിറകെ, ആ തിരുനബിയെ വിളിച്ച് അവൻ അഭിവാദ്യം ചെയ്യുന്നത്. ഇവിടെ ഇമാം റാസി (റ) സൂചിപ്പിച്ചപോലെ അല്ലാഹുവിലേക്ക് വെമ്പൽ കൊള്ളുന്ന ആത്മാവ് ചിറക് വെച്ച് പറന്നുയരുമ്പോൾ അല്ലാഹുവിനെ സ്നേഹിക്കുന്ന അടിമയെ തേടി തിരുനബിയുടെ ആത്മാവ് പറന്ന് വരികയാണ്. ആ രണ്ട് ആത്മാക്കളുടെ കൂടിക്കാഴ്ചയുടെ ക്ലൈമാക്സ് ആണ് – അസ്സലാമു അലൈക അയ്യുഹന്നബിയ്യു – ആയി പരിണമിക്കുന്നത്. അതുപോലെ മറ്റുള്ള വിശ്വാസികളുടെ മുഴുവൻ മനസ്സുമായി അവൻ വിലയിക്കുകയാണ്. – അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്സ്വാലിഹീൻ – സങ്കുചിത തൗഹീദ് വാദികൾക്ക് കതകടച്ച് സ്വകാര്യമായി ചോദിക്കാം: 'നാമും അല്ലാഹുവും തമ്മിലുള്ള ഈ സ്വകാര്യമായ ഇടപാടിൽ മുഹമ്മദ് ഈ പുണ്യാത്മാക്കളെ (ഇബാദുസ്സ്വലിഹീൻ) തിരുകിക്കയറ്റിയതെന്തിന്? ശ്ശെ, മോശം ഈ ഇടയാളപ്പണി.! – തൗഹീദ് വീണുപോകുമോ എന്ന് പേടിച്ച്, അർഥമൊന്നും ചിന്തിക്കാതെ, ഹൃദയം തൽക്കാലം മാറ്റിവെച്ച്, കേവലം ഒരു മന്ത്രം ഉരുവിടുകയാണ് – ഞാൻ നബിയെ വിളിക്കുകയില്ല എന്ന് നിയ്യത്ത് ചെയ്ത് ഉറപ്പിച്ച് അത്തഹിയ്യാത്ത് ഓതാൻ വിധിക്കപ്പെട്ടവർ ന്യായമായും അങ്ങനെ പരിഭവിക്കണം.

നിസ്കാരത്തിന്റെ ഒടുക്കത്തിൽ മാത്രമല്ല തുടക്കം മുതലെ ഈ വിധേയത്വവും താഴ്മയും സ്വയം ചെറുതാകലും മഹാന്മാരെ കൂട്ടിപ്പിടിക്കലുമുണ്ട്. ഇസ്മാഈലിന്റെയും (അ) ഇബ്റാഹീമിന്റെയും ഹാജറയുടെയും (റ) ഒക്കെ വിയർപ്പ് തുള്ളികളും വഹ്‌യ് കാത്ത് മുഖം തിരിച്ചുകൊണ്ടിരിക്കുന്ന തിരുനബിയുടെ ഭാവവും മറ്റും ആ നിർത്തത്തിൽ ഉൾച്ചേർന്നിട്ടുണ്ട്.

അടിമ ഉടമയുമായി നടത്തുന്ന സംഭാഷണത്തിൽ അടിമക്ക് വേണ്ടി ശിപാർശ ചെയ്യുവാനോ, അടിമയെ സഹായിക്കുവാനോ ഐഹികലോകത്തോ പരലോകത്തോ അല്ലാഹു തിരുനബിക്ക് ഒരു അവസരവും ഒരുക്കിയിട്ടില്ല അതിനാൽ പ്രാർഥിക്കുന്നവരാരും നബിയേയോ പുണ്യാത്മാക്കളേയോ കൂട്ടിപ്പിടിക്കേണ്ട ഒരു കാര്യവുമില്ല എന്ന് സിദ്ധാന്തിക്കുന്ന തീവ്രാദികളുടെ ധിക്കാരപരമായ സമീപനങ്ങളോട് താക്കീതിന്റെ സ്വരത്തിലാണ് അല്ലാഹു പ്രതികരിക്കുന്നത്.

ആരാണിവർക്കീ തത്ത്വശാസ്ത്രം പഠിപ്പിച്ചുകൊടുത്തത് ? അല്ലാഹുവോ ? ഒരിക്കലുമല്ല. തന്റെ മഹ്ബൂബിനെ താൻ അവഗണിക്കുമെന്ന് സിദ്ധാന്തിച്ചവരോട് സ്രഷ്ടാവ് രോഷപ്പെടുന്നത് കാണുക.

ഐഹിക ലോകത്തും പരലോകത്തും (തന്റെ ദൂതനെ) അല്ലാഹു സഹായിക്കുകയില്ലെന്ന് ആരെങ്കിലും ധരിച്ചുവശായിട്ടുണ്ടെങ്കിൽ, അവർ, അവർക്ക് മുകളിൽ ഒരു കയർ തൂക്കി അതിൽ തൂങ്ങി ചത്തുകൊള്ളട്ടെ (22:15)

(ഓർക്കുക! ആയത്തുകൾ മുശ്‌രിക്കുകൾക്ക് മാത്രം ബാധകമല്ല. അവരുടെ സിദ്ധാന്തങ്ങൾ അവയുടെ

മൗലിക സ്വഭാവത്തോട് കൂടി പേറി നടക്കുന്നവർക്കും ബാധകമാണ്. വാദങ്ങൾ ബൂമറാങ്ങുകളായി പരിണമിക്കുന്ന കൗതുകകരമായ ഒരു രീതിയാണിത്.

കണ്ഠനാഡിയോട് അടുത്ത് നിൽക്കുന്ന അല്ലാഹുവിനോട് പ്രാർഥിക്കുവാൻ ആദ്യം മുഹമ്മദ് നബിയുടെ അടുത്ത് ചെല്ലണമെന്ന ഖുർആനിക പാഠം ഇവർ മറന്നത് പോലുണ്ട്.

എന്റെ അടിമകൾ എന്നെക്കുറിച്ച് അങ്ങയോട് ചോദിച്ചാൽ ഞാൻ അടുത്ത് തന്നെയുണ്ട് (എന്ന് അവരോട് വിവരം അറിയിക്കുക) എന്നോട് പ്രാർഥിച്ചാൽ ഞാൻ പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഉത്തരം ചെയ്യുന്നു (2: 186) എന്റെ അടുത്തേക്ക് വരുന്നവർ നബി വഴി വരണം എന്ന് തന്നെയാണ് പ്രസ്തുത വാക്യത്തിലൂടെ ഖുർആൻ പഠിപ്പിക്കുന്നത്.

മറ്റൊരായത്ത് ഇങ്ങനെ:

പാപങ്ങൾ ചെയ്തു സ്വശരീരത്തെ ദ്രോഹിച്ചവർ, (നബിയേ) തങ്ങളെ സമീപിക്കുകയും അങ്ങനെ അവർ അല്ലാഹുവിനോട് പൊറുക്കലിനെ ചോദിക്കുകയും തിരുദൂതൻ (നബി (സ്വ) അവർക്ക് വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ അവർ അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനും കൃപാലുവുമായി എത്തിക്കുന്നതാണ് (4:64)

തെറ്റ് ചെയ്തവർ, തിരുനബിയെ സമീപിച്ച് ശിപാർശ തേടണമെന്നും അങ്ങനെ നബി അവർക്ക് വേണ്ടി ശിപാർശ ചെയ്യണമെന്നും എങ്കിൽ മാത്രമേ പാപമോചനം കിട്ടുകയുള്ളുവെന്നുമാണ് സൂക്തത്തിന്റെ താത്പര്യമെന്ന് ആർക്കും അറിയാം.

ഈ സൂക്തത്തിന്റെ ബലത്തിൽ, തിരുനബിയുടെ വിയോഗശേഷവും അവിടുത്തെ തിരു റൗളയിൽ ചെന്ന് തിരുനബിയെ മുൻനിർത്തി അല്ലാഹുവിനോട് മാപ്പിരന്ന അഅ്റാബിയുടെ അനുഭവം, ഈ സൂക്തത്തെ വിശദീകരിച്ച ഇബ്നുകസീർ(റ)അടക്കമുള്ള പ്രമുഖ പണ്ഡിതർ ഉദ്ധരിച്ചിട്ടുണ്ട്. പാപമോചനത്തിന് നബിയുടെ ചാരത്ത് ചെല്ലണമെന്നും അവിടുത്തെ റക്കമെന്റ് കിട്ടണമെന്നുമുള്ള ഈ സിദ്ധാന്തം തിരുനബിയുടെ വിയോഗശേഷവും പ്രസക്തമാണെന്നാണ് നിരൂപണങ്ങളൊന്നും നൽകാതെ ഈ സംഭവം ഉദ്ധരിച്ച മുഫസ്സിറുകളുടെ ശൈലിയിൽ നിന്ന് ബോധ്യപ്പെടുന്നത്. നബിയെ നേരിട്ട് വിളിക്കുന്ന രീതിയാണ് പ്രസ്തുത സംഭവത്തിൽ അഅ്റാബി സ്വീകരിച്ചിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത് ശിർക്കും കുഫ്റുമായിരുന്നെങ്കിൽ, ഏറ്റവും ചുരുങ്ങിയത് സ്വീകാര്യതയുടെ സ്വരത്തിൽ ഈ സംഭവം ഉദ്ധരിച്ച ഇമാം നവവി (റ), അല്ലാമ ഇബ്നുകസീർ (റ) തുടങ്ങിയ പണ്ഡിത വരേണ്യരെല്ലാം ശിർക്കിന്റെ പ്രചാരകരാണെന്ന് മുദ്രകുത്തേണ്ടിവരും. തീവ്രവാദികൾക്ക് അതിന് അനായാസം സാധിക്കുന്നുവെന്നതിൽ സന്ദേഹിക്കേണ്ടതില്ല.

തവസ്സുൽ സമുദായങ്ങളിൽ

ആദം നബിയോടെ തവസ്സുൽ അവസാനിപ്പിച്ചിട്ടില്ല. മുസ്ലിം സമൂഹത്തിൽ തുടർന്നും അത് വേര് പിടിച്ചു. അന്ത്യപ്രവാചകരെക്കുറിച്ചുള്ള ഗുണഗണങ്ങൾ വേദങ്ങളിലൂടെ അറിഞ്ഞ മുൻഗാമികൾ അവരുടെ ശത്രുക്കളുമായി യുദ്ധം ചെയ്യേണ്ട അവസ്ഥ വരുമ്പോൾ വരാനിരിക്കുന്ന പ്രവാചകനെ മുൻനിർത്തി അല്ലാഹുവോട് പ്രാർഥിച്ച് വിജയം തേടാറുണ്ടായിരുന്നു.

വി.ഖു: അൽബഖറഃ 89–ാം ആയത്തിനെ വിശദീകരിച്ച് ഇമാം അബുഹയ്യാൻ എഴുതി:'ശത്രുക്കൾ അവരെ പൊതിഞ്ഞാൽ അവർ ഇങ്ങനെ പ്രാർഥിക്കുമായിരുന്നു. നാഥാ, തൗറാത്തിൽ ഗുണവിശേഷണങ്ങൾ പറഞ്ഞിട്ടുള്ള, അന്ത്യനാളിൽ നിയോഗിക്കപ്പെടാനിരിക്കുന്ന നബിയെക്കൊണ്ട് അവർക്കെതിരെ ഞങ്ങളെ നീ വിജയിപ്പിക്കേണമേ'(ബഹറുൽ മുഹീത്വ് 1:471) ഇമാം റാസി (3:180) ൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം സുയൂഥി ദുർറുൽ മൻസൂറിലും (1/216.)

അംമ്പിയാക്കളും തവസ്സുൽ ചെയ്യുന്നു.

പൂർവ്വ സമുദായം മാത്രമല്ല അവരിലേക്ക് നിയോഗിക്കപ്പെട്ട പുണ്യ പുരുഷന്മാരും പ്രവാചകന്മാരുമൊക്കെ തവസ്സുൽ ചെയ്യാറുണ്ടായിരുന്നുവെന്നാണ് ഖുർആനിക വാക്യത്തിൽ നിന്ന് മനസ്സിലാകുന്നതെന്ന് പണ്ഡിതർ വിശദീകരിക്കുന്നു. 'അവർ പ്രാർഥിക്കുന്നവർ (ആരാധ്യന്മാർ) തന്നെ അവരേക്കാൾ അടുത്തവരെ കൊണ്ട് അല്ലാഹുവിലേക്ക് ഇടതേടുന്നവരായിരുന്നു. (ഇസ്റാഅ്

57) എന്ന സൂക്തത്തെ വിശദീകരിച്ചു കൊണ്ട് ഫജ്റുസ്സ്വാദിഖ് പേ 55 ൽ പറയുന്നു.

മുശ്രിക്കുകൾ അംബിയാക്കൾക്കും മലകുകൾക്കും അവൻ റബ്ബുകളാണെന്ന് വിശ്വസിച്ചു കൊണ്ട് ആരാധന നടത്തിയിരുന്നു. ഈ കക്ഷികളോട് അല്ലാഹു ഇപ്രകാരം പറയുകയാണ്. നിങ്ങൾ ആരാധിക്കുന്ന അംബിയാക്കളും ഓലിയാക്കളും തന്നെ അവരേക്കാൾ അടുത്തവരെ കൊണ്ട് അല്ലാഹുവിലേക്ക് ഇടതേടുന്നവരാണ്. എന്നിരിക്കെ, അന്യാശ്രയം തീരെയില്ലാത്ത റബ്ബുകളാണ് അവരെന്ന് നിങ്ങളെങ്ങനെ അവരെ കുറിച്ച് വിശ്വസിക്കുകയും അവരോട് പ്രാർഥിക്കുകയും ചെയ്യും? ഈ ആയത്തിൽ നിന്ന് അംബിയാക്കളും മലക്കുകളും ഇടതേടിയിരുന്നതായി വ്യക്തമാണെന്ന് ഇമാം ഇബ്നുൽ നാസി തന്റെ സാദുൽ മസ്വീറിലും 3/50 പ്രസ്താവിച്ചിട്ടുണ്ട്. അല്ലാമ ഇബ്നുഹജറിൽ അസ്ഖലാനിയുടെ (ഫത്ഹുൽ ബാരി 10/315) വിശദീകരണത്തിലും ഈ ആശയം വ്യക്തമാണ്.

തിരുനബിയുടെ തവസ്സുൽ

അബിയാക്കളുടെ നേതാവായ തിരുനബി(സ്വ)തന്നെ തവസ്സുൽ നടത്തിയതായി സ്വാഹീഹായ പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസുകളിൽ തെളിഞ്ഞു കിടക്കുന്നു, തവസ്സുലിന്റെ പ്രാധാന്യം ഉമ്മത്തിനെ പഠിപ്പിക്കുകയാണിവിടെ തിരുനബി (സ്വ). അനസ് (റ) ൽ നിന്ന് ഉദ്ധരിക്കുന്നു, അലി (റ) ന്റെ ഉമ്മ, അസദിന്റെ മകൾ ഫാത്വിമ എന്നിവർ നിര്യാതരായപ്പോൾ നബി (സ്വ) സ്വന്തം കൈ കൊണ്ട് അവർക്ക് ഖബർ കുഴിക്കുകയും ശേഷം അതിൽ ഇറങ്ങികിടക്കുകയും ചെയ്തു.

തുടർന്ന് ഇങ്ങനെ പ്രാർഥിച്ചു. 'ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന നാഥാ, നിന്റെ നബിയുടെയും എനിക്ക് മുമ്പ് കഴിഞ്ഞു പോയ എല്ലാ അംബിയാക്കളുടെയും ഹഖ് കൊണ്ട് എന്റെ (പോറ്റു)മ്മാക്ക് നീ പൊറുത്ത് കൊടുക്കുകയും അവരുടെ ഖബർ നീ വിശാലമാക്കുകയും ചെയ്യേണമേ, നീ ഏറ്റവും വലിയ കാരുണ്യവാനാണ്' ഇമാം ത്വബ്റാനി, ഹാകിം, ഇബ്നു ഹിബ്ബാൻ, അബൂനുഎം, ഇബ്നു അബ്ദിൽ ബർറ്, തുടങ്ങി പലരും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. നിവേദകർ പ്രബലരാണെന്ന് മജ്മഉസ്സവാജിദ് 9/257 പറഞ്ഞിട്ടുണ്ട്.

ഇത് തിരുജീവിതത്തിലെ ഒരു ഒറ്റപ്പെട്ട അനുഭവമായിരുന്നില്ല. മറിച്ച് അവിടുത്തെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. ഹദീസ് കാണുക.

അബൂ സഈദ് (റ) ൽ നിന്ന് ഉദ്ധരിക്കുന്നു.: നബി (സ്വ) നിസ്ക്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ ഇങ്ങനെ പ്രാർഥിക്കാറുണ്ടായിറുന്നു. അല്ലാഹുവേ നിന്നോട് ചോദിക്കുന്നവരുടെ ഹഖ് കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു. ഇബ്നുമാജഃ, ഇമാം സുയൂഥി, എന്നിവർ ഈ ഹദീസ് നിവേദനം ചെയ്യുന്നു.

'തവസ്സുലി'ന്റെ ദാർശനിക ഭൂമിക

സ്രഷ്ടാവിനും സ്രഷ്ടിക്കുമിടയിൽ മറ സൃഷ്ടിക്കുന്ന ഒരു വിഗ്രഹമല്ല 'വസീല'. പ്രത്യുത തന്നിലേക്ക് സ്രഷ്ടാവ് തന്നെ ചൂണ്ടിക്കാണിച്ച് തന്ന വഴിയാണത്. ആ വഴിയുടെ സഹായവും സഹകരണവും ഇല്ലാതെ സ്രഷ്ടാവിലേക്കെത്തുക അസാധ്യമാണ്. നിർബന്ധവും ഐഛികവുമായ മുഴുവൻ ആരാധനകളും ആ വസീലയാണ്. തിരുനബിയും സ്വഹാബത്തും താബിഉകളും വിശ്വാസി സമൂഹം മുഴുവനും അല്ലാഹുവിലേക്കുള്ളവസീലയാണ്. ഈ വസീലകളുടെ സഹകരണവും സഹായവുമില്ലാതെ അല്ലാഹുവിലെത്തുകയില്ല. ആരാധനകൾ ചെയ്തതുകൊണ്ട് മാത്രമായില്ല. അതിന് ആത്മാർഥതയും സാധുതയും വേണം. ഹൃദയമില്ലാത്ത അനുസരണങ്ങൾ അല്ലാഹുവിലേക്കുള്ള വഴിയിൽ വെളിച്ചം പരത്തുകയില്ല. അതിൽ രിയാഅ് (ലോകമാന്യം) കലർന്നിട്ടുണ്ടെങ്കിൽ വെളിച്ചത്തിന് പകരം അവ ഇരുട്ട് തുപ്പും. ചിലപ്പോൾ വഴിയിലെ ഒരു ഭിത്തിയായി – വിഗ്രഹമായി – അത് പരിണമിക്കും. തടഞ്ഞ് വീഴും. രിയാഇനെ കുറിച്ച് ശിർക്കുൻ അസ്ഗർ എന്ന പ്രവാചക പ്രയോഗം ഇവിടെ പ്രസക്തമാണ്. ആരാധനകൾ അവനെതിരെ സാക്ഷി

പറയും. കാരണം, ആരാധനകൾ ആവശ്യപ്പെടുന്നത് ശരീരങ്ങളുടെ ഗോഷ്ഠികളല്ല, നിഷ്കളങ്കമായ ഹൃദയങ്ങളാണ്. ആരാധനകൾക്ക് ഹൃദയം കൊടുത്താൽ അല്ലാഹുവിന് കൊടുക്കാൻ ഹൃദയമുണ്ടാകുമോ എന്ന് യുക്തിവാദി ചോദിക്കും. മഹാന്മമാരെ കൂട്ടിപ്പിടിച്ചാൽ അല്ലാഹുവിന്റെ സ്ഥാനം കുറയില്ലേയെന്ന യുക്തിവിചാരം ഈ യുക്തിവാദത്തേക്കാൾ പ്രസക്തമല്ല.

ആരാധനകൾ നിഷ്കളങ്കമെങ്കിൽ അവ മുൻനിർത്തിയുള്ള ചോദ്യം അല്ലാഹു തട്ടുകയില്ല. തന്റെ ഭൗതിക ജീവിതത്തിലേക്കും ആ വെളിച്ചം തിരിച്ചടിക്കും. ആരാധനകൾ വസീലയാക്കി അല്ലാഹുവിനോട് പ്രാർഥിച്ചപ്പോൾ അതിന്റെ വെളിച്ചം ഗുഹയിലേക്ക് കടന്നതും ഗുഹാമുഖത്തെ അടച്ച പാറ നീങ്ങിയതും മൂവർസംഘം രക്ഷപ്പെട്ടതും തിരുനബി (സ്വ) വിവരിച്ച് തന്നത് പ്രബലമായ ഹദീസുകളിലുണ്ട്. (ആരാധനകളുടെ കൈപിടിച്ച് അവർ അല്ലാഹുവിന്റെ അടുക്കലേക്ക് പോയി. നിഷ്കളങ്കമായ ആ ആരാധനകളുടെ ശിപാർശ അല്ലാഹു കേട്ടു. ഒറ്റക്ക് വന്നാൽ പോരേ എന്ന് ചോദിച്ച് അല്ലാഹു അവരെ വിരട്ടിയില്ല.)

ആരാധനകൾ പോലെതന്നെ വസീലയാണ് ഇസ്‌ലാമിക ചിഹ്നങ്ങളും. ഖുർആൻ, കഅ്ബഃ, ഹജറുൽ അസ്‌വദ്, സംസം, പള്ളി, ഹുജ്റഃശരീഫ, മക്ക, അമ്പിയാക്കൾ, ഔലിയാക്കൾ എല്ലാം അല്ലാഹുവിന്റെ ചിഹ്നങ്ങളാണ്. അല്ലാഹുവിലേക്കുള്ള വഴികളിലെ പ്രകാശഗോപുരങ്ങളാണ്. അവയെ അവഗണിച്ചുകൊണ്ട് പടച്ചവനിലെത്തുക സാധ്യമല്ല. അവരോടുള്ള സമീപനത്തി നനുസരിച്ച് അവരിൽ നിന്ന് ലഭിക്കുന്ന പ്രകാശത്തിൽ മാറ്റങ്ങളുണ്ട്. ഹൃദയമില്ലാതെ നിയമപരമായ ചില ഗോഷ്ഠികൾ കൊണ്ട് മാത്രം ആരാധനകൾ വെളിച്ചം വിതറുകയില്ല. അതുപോലെ മനസ്സ് അകറ്റിപ്പിടിച്ച് കൊണ്ട് പട്ടാളചിട്ടയോടെ ഈ ചിഹ്നങ്ങളിൽ/ ചിഹ്നങ്ങളോട് സമർപ്പിക്കപ്പെടുന്ന അനുസരണങ്ങൾക്കും വണക്കങ്ങൾക്കും വെളിച്ചം തരില്ല. ഹജറുൽ അസ്‌വദിൽ മുഖമമർത്തുമ്പോൾ സൈനിക മേധാവിയെ കാണുമ്പോൾ കീഴുദ്യോഗസ്ഥൻ സമർപ്പിക്കുന്ന വടിവൊത്ത ഹൃദയമില്ലാത്ത ഒരു സല്യൂട്ട് കണക്കെ അത് വിലയിരുത്തപ്പെട്ടുകൂടാ. പ്രത്യുത പടച്ചവൻ പതിച്ച് നൽകിയ വിശുദ്ധിയും നൂറ്റാണ്ടുകളുടെ ഗദ്ഗദങ്ങളും വിശ്വാസ നിശ്വാസങ്ങളും ഏറ്റുവാങ്ങിയ ഒരു പവിത്രമായ കല്ലിനെ ചുംബിക്കുകയാണെന്ന അവാച്യമായ അനുഭൂതി അത് പകരുന്നുണ്ട്. അല്ലാഹു തന്നെ പഠിപ്പിച്ച അവനോടുള്ള ഭക്ത്യാദരങ്ങളാണത്. ആ വിശ്വാസവും വികാരവും അവനെ നയിക്കുമ്പോൾ അതവന് അല്ലാഹുവിലേക്കുള്ള വഴിയിൽ വെളിച്ചം വിതറുന്നു. നാളെ ആ കല്ല് അവന് വേണ്ടി ശിപാർശ പറയുന്നു. പക്ഷേ, അപ്പോഴേക്കും അല്ലാഹു പിണങ്ങിപ്പോകുമോ എന്ന് ഭയപ്പെട്ട യുക്തിവാദം വളർന്ന് വികസിച്ചാൽ ഹജറുൽ അസ്‌വദിനെ 'ശിർക്കൻ കല്ല്' എന്ന് വിളിക്കുന്നിടം വരെയെത്തും. ആ കല്ല് മാത്രമല്ല അവൻ നിസ്കരിച്ച, സൽക്കർമ്മങ്ങൾ അനുഷ്ഠിച്ച മുഴുവൻ ഇടങ്ങളും പള്ളികളും അങ്ങനെതന്നെ. ഖുർആനെ ഒരു ഉപകരണമായി കാണുകയും പുസ്തകം വായിക്കുന്ന ലാഘവത്തോടെ വായിക്കുകയും ചെയ്യുന്നവന് ആ ഖുർആൻ എങ്ങനെ വസീലയായി നിന്ന് കൊടുക്കും ? ഖുർആനുമായി ഹൃദയബന്ധം പുലർത്തുകയും ശുദ്ധിയോട് കൂടെ മാത്രം അത് സ്പർശിക്കുകയും വിശുദ്ധവും ഉയർന്നതുമായ സ്ഥലത്ത് അതിനെ വെക്കുകയും കണ്ണീര് കലർന്ന് അത് ഓതുകയും (വായിക്കുകയല്ല) കേൾക്കുകയും ചെയ്യുന്ന പാരമ്പര്യ വിശ്വാസികൾ എവിടെ? ആദരവിനെ ആരാധനായായി തെറ്റിദ്ധരിച്ച് ഖുർആൻ പൂജകരോ ശിലാപൂജകരോ ആകുമോ എന്ന് ഭയന്ന് ബഹുമാനങ്ങളില്ലാതെ ഹജ്ജിനെയും ഖുർആനിനെയും കഅ്ബയെയും ശിലയുടെയും പുസ്തകത്തിന്റെയും ക്ഷേത്രത്തിന്റെയും വിതാനത്തിലേക്ക് താഴ്ത്തിയ പരിഷ്കാരികളെവിടെ?

അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ട മറ്റൊരു ചിഹ്നമാണ് അമ്പിയാക്കളും ഔലിയാക്കളും. അവരും വസീലയാണ്. അവരുടെയും സഹകരണങ്ങളില്ലാതെ അല്ലാഹുവിനെ പ്രാപിക്കുവാൻ സാധിക്കുകയില്ല. അവരുടെ കൽപ്പനകൾ വ്യാകരണതെറ്റുകളില്ലാതെ അനുസരിച്ചത് കൊണ്ട് മാത്രമായില്ല. മനസ്സിന്റെ കവാടം അവർക്ക് തുറന്നു കൊടുക്കാൻ വിശാലത വേണം. തിരുനബിയെ ഹൃദയം നിറഞ്ഞ് സ്നേഹിക്കാത്തവന് ആ നബിയുടെ കൽപ്പനകൾ അനുസരിക്കുന്നുണ്ടെങ്കിൽ അത് കപടമായ ഒരു അനുസരണമാണ്. ഹൃദയം മുഴുവനും നബിക്ക് കൊടുത്താൽ അല്ലാഹുവിന് പിന്നെ എന്ത് കൊടുക്കുമെന്നാണ് സങ്കുചിത തൗഹീദ് വാദികൾ അടക്കിപ്പിടിച്ച് ചോദിക്കുന്നത്. നബിയെ വിളിക്കുന്നതിനെ അയ്യപ്പനെ വിളിക്കുന്നതിനോട് സമീകരിച്ചവർ അങ്ങനെ ചിന്തിക്കാതിരിക്കാൻ നിർവാഹമില്ല. അയ്യപ്പന് പകുതി ഹൃദയം കൊടുക്കുമ്പോൾ അല്ലാഹുവിന് അവിടെ ഇടം നഷ്ടപ്പെടും പോലെ, നബിയെ വിളിക്കുമ്പോഴും അത് നഷ്ടപ്പെടില്ലേ എന്നാണ് യുക്തിവാദം. പക്ഷേ, ഈ യുക്തിവാദത്തിൽ രണ്ട് അപകടങ്ങൾ പതിയിരിപ്പുണ്ട്. ഒന്ന്: നബിയെ വിളിക്കുന്നവൻ അല്ലാഹുവിനെ

തന്നെയാണ് വിളിക്കുന്നത്, എന്നാൽ അയ്യപ്പനെ വിളിക്കുന്നവന് അയ്യപ്പനെ തന്നെയാണ് വിളിക്കുന്നത് എന്ന തിരിച്ചറിയായ്മ. (അങ്ങനെ വരുമ്പോൾ ഹൃദയം മുഴുവൻ നബിക്ക് കൊടുത്തവർ അല്ലാഹുവിന് കൊടുക്കാൻ വേറെ ഹൃദയം തിരയേണ്ടിവരില്ല.) .രണ്ട്: പകുതി അയ്യപ്പന് കൊടുത്താൽ മറ്റെ പകുതിയും അല്ലാഹുവിന് നഷ്ടപ്പെട്ടു എന്ന് തിരിച്ചറിയായ്മ, അത്കൊണ്ടാണ് ലാത്തയെയും ഉസ്സയെയും ഒക്കെ വിളിച്ചിട്ടും കുട്ടികളുണ്ടെന്ന് വാദിച്ചിട്ടുമൊക്കെ മക്കാമുഗ്രിക്കുകൾ അല്ലാഹുവിൽ വിശ്വസിച്ചവരാണെന്നും പകുതി മുവഹ്ഹിദുകളാണെന്നും കേരളത്തിലെ സുന്നികളേക്കാൾ ഭേദമാണെന്നും യുക്തിവാദികൾക്ക് ധരിക്കേണ്ടി വന്നത്. അഭൗതിക കാര്യങ്ങൾ പടച്ചവന്റെ കഴിവിന്റെ പരിധിയിലും ഭൗതിക കാര്യങ്ങൾ സൃഷ്ടികളുടെ കഴിവായും തരംതിരിക്കാനുള്ള കാരണവും മറ്റൊന്നല്ല. എല്ലാം അല്ലാഹുവിന്റെ കഴിവാണെന്നും, ചായയും ചോറും ചെരിപ്പുമൊക്കെ ചോദിക്കേണ്ടത് അല്ലാഹുവിനോടാണെന്നുള്ള പാരമ്പര്യവിശ്വാസികളുടെ വാദത്തിന്റെ പൊരുൾ എല്ലാം സംവാദങ്ങൾക്ക് ശേഷവും യുക്തിവാദത്തിന് തിരിയാതെ പോയത് മറ്റൊന്നുകൊണ്ടുമല്ല. നമുക്ക് കഴിയാത്തതാണ് – അഭൗതിക കാര്യങ്ങളാണ് – പടച്ചവനോട് ചോദിക്കേണ്ടതെന്നും അത് ശൈഖിനോട് ചോദിച്ചാൽ തൗഹീദിന് പുറത്ത് പോയെന്നുമുള്ള ഫിലോസഫിയും ഉരുവം കൊണ്ടത് ഈ തിരിച്ചറിയായ്മയിൽ നിന്നാണ്.

ചുരുക്കത്തിൽ, കത്ത് കിട്ടിയ ശേഷം പോസ്റ്റ്മാനെ അവഗണിക്കും വിധം, ഔലിയാക്കളും അമ്പിയാക്കളും എന്ന വസീലയെ അവഗണിച്ച് തള്ളിയവർക്ക് ആ 'വസീല' കൾ പ്രഭപരത്തുകയില്ല. മറിച്ച് അവയുമായി ശക്തമായ ഹൃദയബന്ധം പുലർത്തണം. അത് ആദരവിന്റെയും സ്നേഹത്തിന്റെയും സ്മരണയുടെ രൂപത്തിൽ പുറത്തേക്ക് പ്രവഹിക്കണം. അപ്പോൾ അവരുടെ തിരുനോട്ടം തിരിച്ചു ലഭിക്കും. ആ നോട്ടം അല്ലാഹു പാഴാക്കുകയില്ല. അതാണ് തിരുനബി പറഞ്ഞത്: 'ആരെങ്കിലും എന്നെ സ്നേഹിച്ചാൽ അവൻ എന്നോടൊപ്പം സ്വർഗ്ഗത്തിലായിരിക്കും.' ഈ ചിഹ്നങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോൾ ചിലർ ചൊല്ലിപഠിപ്പിച്ചപോലെ, അല്ലാഹുവിനെ നമുക്ക് നഷ്ടപ്പെടുകയല്ല ലഭിക്കുകയാണ് ചെയ്യുന്നത്. അത് അല്ലാഹു തന്നെ സ്ഥിരീകരിച്ചിട്ടുണ്ട്:
ആരെങ്കിലും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിച്ചാൽ അത് ഹൃദയങ്ങളുടെ ഭക്തിയിൽ നിന്ന് ഉറവയെടുക്കുന്നതാണ് (ഖുർആൻ). പക്ഷേ, തീവ്രവാദം ചിലപ്പോൾ അല്ലാഹുവിനേയും ന്യായം പഠിപ്പിക്കും.

ആരാധനകളും അജൈവവും ജൈവവുമായ അല്ലാഹുവിന്റെ ചിഹ്നങ്ങളും വസീലകളാണ്. ഹൃദയം നൽകി അവയെ കൂട്ടിപ്പിടിക്കാതെ അല്ലാഹുവിലെത്തുക അസാധ്യമാണെന്നും മനസ്സിലാക്കിയാൽ, അല്ലാഹുവിനോട് പ്രാർഥിക്കുമ്പോൾ മാത്രം അവരുടെ കൈവിടണമെന്ന വാദം വ്യർഥമാണെന്ന് തെളിയും. ആരാധനകളുടെയും അല്ലാഹുവിന്റെ ചിഹ്നങ്ങളുടെയും കൈപിടിച്ച് അല്ലാഹുവിനോട് ഇരന്ന ഒട്ടേറെ സംഭവങ്ങൾക്ക് ചരിത്രം സാക്ഷിയാണ്.

തെളിവുകൾ മുഖാമുഖം വന്നുനിൽക്കുമ്പോൾ ആരാധനകൾ കൊണ്ട് തവസ്സുൽ ആകാമെന്ന് സമ്മതിക്കുന്നവർ വ്യക്തികളുടെ കാര്യത്തിൽ വീണ്ടും ശഠിക്കുക തന്നെയാണ്.
ഓ, സത്യവിശ്വാസികളേ, അല്ലാഹുവിനെ സൂക്ഷിക്കുക. അവങ്കലേക്ക് 'വസീല' തേടുവിൻ' (മാഇദ:35) എന്ന ആയത്ത് വിശദീകരിച്ച് ഇസ്മായിൽ ഹിഖി (റ) പറയുന്നതിങ്ങനെ:
അറിയുക. വസീലയെ തേടുവാൻ വ്യക്തമായ ഭാഷയിൽ ഈ ആയത്ത് കൽപ്പിക്കുന്നു. അല്ലാഹുവിലേക്കെത്തുക വസീലയെക്കൂടാതെ സാധ്യമല്ല. ഹഖീഖത്തിന്റെ പണ്ഢിതരും ത്വരീഖത്തിന്റെ ശൈഖുമാരുമാണ് ആ വസീല (റൂഹുൽ ബയാൻ 2/388). ശൈഖ് തുടരുന്നു.:
ഏതൊരു പ്രാർഥനയുടെയും അല്ലാഹുവിന്റെയും ഇടയിൽ ഒരു മറയുണ്ട്. നബി (സ്വ) യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതോടെ ആ മറ ഉയരും. ദുആ അല്ലാഹുവിങ്കലെത്തുകയും ചെയ്യും. സ്വലാത് ചെയ്തില്ലെങ്കിൽ ദുആ തിരിച്ചുവരും. നബി (സ്വ) നമ്മുടെയും അല്ലാഹുവിന്റെയും ഇടയിലുള്ള മധ്യവർത്തി (വസീല) യാണ് എന്നതാണ് അതിന്റെ കാരണം.

പ്രാർഥിക്കുന്നതിന് മുമ്പ് വസീലയെ മുമ്പോട്ട് വെയ്ക്കേണ്ടത് ആവശ്യമാണ്. അല്ലാഹു പറഞ്ഞല്ലോ: 'നിങ്ങൾ അല്ലാഹുവിലേക്ക് വസീല തേടുവിൻ, മനുഷ്യപിതാവായ ആദം (അ) തന്നെ തന്റെ പ്രാർഥനയും പശ്ചാത്താപവും സ്വീകരിക്കാൻ ഇരുലോകങ്ങളുടെയും നേതാവായ മുഹമ്മദ് നബി (സ്വ) യെ തവസ്സുൽ ചെയ്തല്ലോ. (റൂഹുൽ ബയാൻ 7/230)
സൂക്തത്തിലെ വസീലയെന്നത് കൊണ്ട് വിവക്ഷിതം ആരാധന തന്നെയാണെന്നും ഇത്തഖൂ എന്ന്

പറഞ്ഞത് പോരാഞ്ഞിട്ട് വസീലയെ തേടൂ എന്നുകൂടി തറപ്പിച്ച് പറഞ്ഞതാണെന്നും അതിനാൽ സൂക്തത്തിൽ മഹാന്മാരെ കുറിച്ച് സൂചന പോലുമില്ലെന്നും അങ്ങനെ വ്യാഖ്യാനിച്ച പണ്ഢിതരെ പരിപൂർണ്ണമായും മാറ്റി നിർത്തി തീവ്രവാദി യുക്തിവാദം നടത്താറുണ്ട്.

ആരാധനകൾ കൊണ്ടുള്ള തവസ്സുലിന് ആത്മാവ് വേണമെങ്കിൽ അത് ഇഖ്‌ലാസ്വുള്ള തായിരിക്കണം. അതുപോലെ മഹാന്മാരെ കൊണ്ടുള്ള തവസ്സുലിന് ജീവൻ വേണമെങ്കിൽ അവയോടുള്ള ആ വ്യക്തിയുടെ സമീപനവും ആദരവും ബഹുമാനവും നിറഞ്ഞിരിക്കണം. ആദരിക്കാനും ബഹുമാനിക്കാനും സ്വയം ചെറുതാവാനും കഴിയുന്നവൻ മാത്രമേ മഹാന്മാരെ തവസ്സുൽ ചെയ്യാൻ മെനക്കെടൂ.

അപ്പോൾ യഥാർഥത്തിൽ അവൻ തവസ്സുൽ ചെയ്യുന്നത് അവരോടുള്ള സ്നേഹത്തേയും ആദരവിനേയും മുൻ നിർത്തിയാണ്. ഏറ്റവും അത്യുത്തമമായ ആരാധന അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്നേഹിക്കലാണെന്നാണ് തിരുനബി (സ്വ) പഠിപ്പിച്ചിരിക്കുന്നത്. നബി (സ്വ) പറഞ്ഞു.:

'അല്ലാഹുവിനു വേണ്ടി സ്നേഹിക്കുന്നതും അവനു വേണ്ടി വെറുക്കുന്നതുമത്രേ ഏറ്റവും ശ്രേഷ്ഠമായ ആരാധന' (അബൂദാവൂദ് 4591).

അപ്പോൾ നബി (സ്വ) യെ മുൻനിർത്തി തവസ്സുൽ ചെയ്യുന്നവൻ ഏറ്റവും പുണ്യമായ ആരാധന കൊണ്ടാണ് തവസ്സുൽ ചെയ്യുന്നത്. ആരാധന കൊണ്ടുള്ള തവസ്സുൽ ഖുർആൻ പച്ചയിൽ കൽപിച്ചതുമത്രേ.

ഇതാണ് തവസ്സുൽ. ഇസ്‌ലാമിക തത്ത്വശാസ്ത്രത്തിന്റെ മൗലിക സിദ്ധാന്തങ്ങളോട് അത് നൂറു ശതമാനവും പൊരുത്തപ്പെടുന്നു. ഇസ്‌ലാമിക സംസ്ക്കാരവുമായി അത് ഒട്ടിനിൽക്കുന്നുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങളിൽ അതിന് വ്യക്തമായ പിൻബലമുണ്ട്. എന്നിട്ടും, അല്ലാഹുവിലേക്കുള്ള വഴിയിൽ വെളിച്ചം വിതറുകയും അവനെ കാണിച്ചു തരികയും ചെയ്യുന്ന ഈ മതാചാരത്തെ അവന്റെയും അടിമയുടെയും ഇടയിൽ മറയിടുന്ന വിഗ്രഹാരാധനയോട് ചിലർ സമീകരിക്കുന്നു. അല്ലാഹുവിനോട് പ്രാർഥിക്കുമ്പോൾ നബിയുടെ പേര് പറഞ്ഞതിന്റെ പേരിൽ വിശ്വാസിയെ ശിർക്കിന്റെ ബോംബുകൾ കൊ റിഞ്ഞ് ഇസ്‌ലാമികമായ അവന്റെ സ്വത്വം സമൂഹമദ്ധ്യേ പിച്ചിചീന്തുന്നു. ദിക്റും സ്വലാത്തും തക്ബീറും നിറഞ്ഞൊഴുകുന്ന മനസ്സുകളെ നബിയുടെ പേര് പറഞ്ഞതിന്റെ പേരിൽ അബൂജഹ്‌ലിനോടു സമീകരിക്കുന്ന ഭീകരതയെ എന്ത് വിളിക്കണം? ജീവിതകാലം മുഴുവൻ ദിക്റും സ്വലാത്തും മൗലീദും റാത്തീബുമായി കഴിഞ്ഞ സ്വാത്വികനായ ഒരു പിതാവ് മരണപ്പെടുമ്പോൾ ആ പിതാവിനു വേണ്ടി ഒന്നു പ്രാർഥിക്കാൻ പോലും അനുവദിക്കാത്ത സങ്കുചിതമായ തൗഹീദ്, വിശ്വാസി മനസ്സുകളിൽ വിദ്വേഷങ്ങൾ കൃഷി ചെയ്തെടുക്കാൻ സാമ്രാജ്യത്വം നെയ്തെടുത്ത ഗൂഢമായ പദ്ധതിയല്ലെന്ന് നാമെങ്ങനെ ശങ്കിക്കാതിരിക്കും? വിഗ്രഹത്തെ ആരാധിച്ച ആസറിനോട് തിരുനബിയെ സ്നേഹിച്ച വിശുദ്ധിയെ താരതമ്യം ചെയ്യുന്ന കുടിലതയെ എന്ത് വിശേഷിപ്പിക്കണം?.

മനോഭാവവും സമീപന രീതിയുമാണ് പ്രത്യയ ശാസ്ത്രങ്ങളെ വ്യത്യസ്തവും ഏകവുമാക്കിത്തീർക്കുന്നത്. മഖ്ബറ വിഗ്രഹത്തിനും വലിയ്യ് അയ്യപ്പനും സമമാണെങ്കിൽ, ക്ഷേത്രം പള്ളി ക്കും, ഗംഗാജലം സംസത്തിനും ശില ഹജറുൽ അസ്‌വദിനും കാശി മക്കക്കും, ഗീത ഖുർആനും സമമാകാതിരിക്കാൻ പ്രത്യേകിച്ച് ന്യായമൊന്നുമില്ല. ഒന്ന് വെളിച്ചവും മറ്റൊന്ന് ഇരുട്ടുമാകുന്നത് മനോഭാവങ്ങളിലുള്ള മാറ്റം കൊണ്ടാണ്. രൂപത്തിലും കോലത്തിലും എല്ലാം ഒരുപോലെയാണെങ്കിലും മനോഭാവത്തിലുള്ള വ്യത്യാസം വ്യക്തമാണ്. മുസ്‌ലിംകൾ അവരുടെ ചിഹ്നങ്ങളെ ആദരിക്കുകയാണ്, ആരാധിക്കുകയല്ല. അമുസ്‌ലിംകൾ ആദരവിനപ്പുറം അവയെ ആരാധിക്കുകയാണ്. അവരത് തുറന്ന് പറയുകയും ചെയ്തിട്ടുണ്ട്. വലിയ തമ്പ്രാനിലേക്കെത്താനുള്ള ചെപ്പടി വിദ്യ.

ഞങ്ങളവയെ ആരാധിക്കുന്നത് അവർ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കാൻ വേണ്ടി മാത്രമാണ്' (സുമർ 3).

സത്യനിഷേധികളുടെ ദുർബലമായ ന്യായീകരണങ്ങളിൽ പിടിച്ചുതൂങ്ങി വിശ്വാസിലോകത്തിനു നേരെ കുഫ്റാക്രമണം നടത്തുന്ന തീവ്രവാദികളുടെ നയം മുസ്‌ലിമുകളുടെ എണ്ണം കുറഞ്ഞുകാണാൻ ആഗ്രഹിക്കുന്ന പശ്ചാത്യൻ ഭീകരതയുടെ മറ്റൊരു പതിപ്പായി വ്യാഖ്യാനിക്കാനേ കഴിയുന്നുള്ള